ശ്രീ. കെ. എം. കോര: ഉദ്ദേശം രണ്ടര മൈലോളം പണി നടന്നിട്ടുണ്ട്.

ഭൂമിവിതരണം

* ൧൦൯. (വ) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാറിൻകര കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപ്പുറം ഭൂമി എത്രപേക്ക പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുമോ; അതിൽ പട്ടികജാതിക്കാരിൽപ്പെട്ട എത്രപേക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്നു പറയുമോ;

(ബി) ഈ ഭൂമി, വിതരണം സംബന്ധിച്ച് വല്ല പരാതികളും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുതസ്ഥലത്തു കാട്ടതെളിച്ച് ദേഹണ്ഡംചെയ്ത മറ്റു പിന്നോക്ക സമുദായക്കാരന്റെ കൈവശമിരുന്ന ഭൂമി പ്രസ്തുതഭൂമി വിതരണംനടത്തിയ മറ്റുമെമ്പറുടെ ബന്ധുക്കൾക്കും ചാർച്ചക്കാർക്കുമായി വീതിച്ചുകൊടുത്തു സംബന്ധിച്ചുള്ള പരാതി ഗവൺമെന്റിലേക്ക് ലഭിച്ചിട്ടുണ്ടോ; അതിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപ്പുറം ഭൂമി ആർക്കും പതിച്ചുകൊടുത്തിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: ആ പകുതിയിൽ ഏതെങ്കിലും സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനടുത്തുള്ള ചില സർവെ നമ്പരുകളിൽ നിന്ന് സ്ഥലം കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: അവിടെ ചിലർ പ്രത്യേകം അതിരുതിരിച്ചു തെങ്ങ്, കവുങ്ങ് മുതലായ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അന്യർക്കു പതിച്ചുകൊടുത്തിട്ടുള്ളതായി ഗവൺമെൻറിലേക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

Mr. Speaker: Next question.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം.

Mr. Speaker: I have already called the next question.

ഭൂമിപതിവു്

* ൧൧൦. (ൻ) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട മന്നാംകണ്ടം പിന്നോക്കസമുദായക്കാർക്കു പതിച്ചുകൊടുക്കുവാൻ ഗവൺമെൻറനുവദിച്ചതു് എന്നാണെന്നു പറയുമോ; ആ ഭൂമി ഇതിനകം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

മന്നാംകണ്ടംപിന്നോക്ക സമുദായക്കാർക്കു കൊടുക്കുന്നതിനു റിസർവ് ചെയ്തു് ഫൻ ൪൦ ആഗസ്റ്റ് പൻ–ൽ ആണ്. ആ ഭാഗം ആർക്കും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: അടുത്ത ചോദ്യം.

ശ്രീ പി. കെ. കുഞ്ഞൻ ശാസ്ത്രി: അങ്ങിനെ കൊടുക്കാതിരിക്കുവാൻ....

Mr. Speaker: I have already passed into the next question.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: സർ, ഏ പ്രായിൻറ് ഓഫ് ഓർഡർ. എൻറെ ചോദ്യത്തിനു് എനിക്കു സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുവാൻ അൻവാദം നിഷേധിക്കുന്നതു് എന്തുകൊണ്ടാണു്?

മിസ്റ്റർ സ്പീക്കർ: ബഹു. മന്ത്രി ഉത്തരം പറഞ്ഞതിനുശേഷം ഞാൻ കുറെ നേരം വെയിറ്റു ചെയ്തു, ബഹു. മെമ്പറൊ മറ്റു മെമ്പർമാരൊ ചോദ്യങ്ങൾ ചോദിക്കാതിരുന്നതുകൊണ്ടാണു് ഞാൻ അടുത്ത ചോദ്യത്തിലേക്കു പ്രവേശിച്ചതു്.

കുത്തകപ്പാട്ടം

*൧൧൨. (൧൦) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊട്ടാരക്കര താലൂക്കിൽ വെളിയം പകുതിയിൽപ്പെട്ട വെണ്ടർമല ഇതിനകം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ; ടി സ്ഥലം പിന്നോക്ക സമുദായത്തിൽപെട്ടവർ അപേക്ഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): അതിൽ ആർക്കും കൃഷിക്കായി സ്ഥലം കൊടുത്തിട്ടില്ല; കൊടുക്കുവാനും ഇല്ല. വിവരം ശേഖരിച്ചുവരുന്നു.

REST HOUSES AND TRAVLLERS' BUNGALOW

*112 [12]. **Sri. Paul Thaliat:** Will the hon. the Chief Minister be pleased to state:

(*a*) whether it is a fact that the Government have given the management of the Rest Houses and Travellers' Bungalow, to a company called Travancore-Cochin Tourists Bureau Ltd.;

(*b*) if so, the conditions and terms under which the management has been given to the Company;

(*c*) the names of the Managing Agents and Directors of the company; and

(*d*) the amount invested in the Company by the Government?

Chief Minister **(Sri. C. Kesavan):** No. Government have passed orders recognising the Travancore-Cochin Tourists Bureau Ltd., Trivandrum as the tourist agency in the State.

(*b*) Certain rest houses and campsheds are proposed to be leased to the Company in connection with the tourist traffic in the State.

(*c*) The United Co-oporation, Trivandrum. Manging Agents.
Messrs. K. R. Elankath, Director
C. P. Ramakrishna Reddi, Trivandrum, Director
K. M. Chandy, Maramon, Director
A. V. George, Kottayam, Director
Parayath Raman Menon, Director
Director, State Guests Department, Director
K. R. G. Menon, Trivandrum, Managing Director.

(*d*) Not yet finally decided.

ശ്രീ. പാഠം തളിയത്തു്: മാനേജിങ്ങ് ഡയറക്ടർ ആരാണു്?

LIBRARY ARCHIVES Kerala Legislative Assembly